ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.11.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികത്തോടനുബന്ധിച്ച്, ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് രാജ്യത്ത് തുടക്കമായി. വാക്കുകൾക്ക് അതീതമായ അനുഭവമാണ് വന്ദേമാതരമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Prime Minister Narendra Modi today inaugurated the year-long commemoration of 150 years of the National Song "Vande Mataram" in New Delhi. PM lauded Vande Mataram as an experience beyond expression which stirs the heart**

2) എറണാകുളം-ബെംഗളൂരു ഉൾപ്പെടെ നാല് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി നാളെ വാരാണസിയിൽ ഫ്ലാഗ് ഓഫ് ചെയ്യും.

**The Prime Minister will flag off four Vande Bharat trains, including Ernakulam- Bengaluru in Varanasi tomorrow.**

3) പൊതു ഇടങ്ങളിൽ നിന്നും തെരുവുനായയെ നീക്കുന്നതിന് കർശന നടപടികൾക്ക് നിർദ്ദേശം നൽകി സുപ്രീംകോടതി.

**The Supreme Court has issued today a slew of directions to insulate key public spaces from the growing stray dog menace and to clear highways of stray cattle and other animals.**

4) ബിഹാറിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ.

**Campaigning for second phase gains momentum in Bihar**

5) ഇന്ത്യൻ ഹോക്കിയുടെ 100-ാംവാർഷികത്തോടനുബന്ധിച്ച് രാജ്യമെമ്പാടും വിപുലമായ ആഘോഷ പരിപാടികൾക്ക് തുടക്കമായി.

**Indian Hockey to celebrate its glorious 100 years with special events across the country today.**

******************************

## PM – VANDE MATARAM (INTRO)

ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ആം വാർഷികത്തോടനുബന്ധിച്ച്, ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് രാജ്യത്ത് തുടക്കമായി. ഊർജ്ജത്തിൻറെയും, ദൃഢനിശ്ചയത്തിൻറെയും മന്ത്രമായ വന്ദേമാതരം, ജനങ്ങൾക്ക് ആത്മവിശ്വാസവും, ധൈര്യവും പകർന്നു നൽകുന്നതായി ന്യൂഡൽഹിയിൽ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഭാരത മാതാവിനോടുള്ള ആരാധനയും, ആദരവും സ്ഫുരിക്കുന്ന വന്ദേമാതരം വാക്കുകൾക്ക് അതീതമായ അനുഭവമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(പിഎം ഹോൾഡ്)

വാർഷികാഘോഷങ്ങളുടെ ഭാഗമായി സ്മരണിക സ്റ്റാമ്പും, നാണയവും പ്രധാനമന്ത്രി പ്രകാശനം ചെയ്തു. vandemataram150.in പോർട്ടലിനും അദ്ദേഹം ചടങ്ങിൽ തുടക്കം കുറിച്ചു. ജനങ്ങൾക്ക് വന്ദേമാതരം ആലപിക്കുന്ന വീഡിയോ അപ്ലോഡ് ചെയ്ത് സാക്ഷ്യപത്രം നേടാൻ ഈ പോർട്ടലിലൂടെ സാധിക്കും. വന്ദേമാതരം ഗാനം എന്നതിലുപരി, ദേശീയതയുടെ ആവിഷ്കാരമാണെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിങ്ങ് ശെഖാവത്ത് പറഞ്ഞു. രാജ്യമെമ്പാടും നടന്ന ആഘോഷപരിപാടികളിൽ സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുമുള്ള നിരവധിപ്പേർ വന്ദേമാതരം ആലപിച്ചു.

(സോങ്ങ്-ഹോൾഡ്)

******************************

## VANDEMATARAM HISTORY

വിഖ്യാത ബംഗാളി കവിയും, നോവലിസ്റ്റുമായ ബങ്കിംചന്ദ്ര ചാറ്റർജി 1875 നവംബർ 7 നാണ് വന്ദേമാതരം രചിച്ചത്. ആനന്ദമഠം എന്ന നോവലിലാണ് ഗീതം ആദ്യമായി പ്രസിദ്ധീകരിച്ചത്. മാതൃരാജ്യത്തെ ശക്തിയുടെയും, സമൃദ്ധിയുടെയും, ദൈവികതയുടെയും പ്രതീകമായി ചിത്രീകരിക്കുന്ന വന്ദേമാതരം ഇന്ത്യയുടെ ഐക്യത്തിൻറെയും അഭിമാനത്തിൻറെയും അടയാളമായി മാറുകയായിരുന്നു. ബ്രിട്ടീഷ് കോളനി വാഴ്ചയുടെ അടിച്ചമർത്തലുകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന ജനങ്ങൾക്ക്, സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻറെ നവശബ്ദം പകർന്നു നൽകാൻ വന്ദേമാതരത്തിന് സാധിച്ചു. സംസ്കൃതത്തിൽ രചിച്ച ഈ ഗീതം, 1896 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിൻറെ കൊൽക്കത്ത സമ്മേളനത്തിൽ രബീന്ദ്ര നാഥ ടാഗോറാണ് ആദ്യമായി ആലപിച്ചത്. 1950 ജനുവരി 24 ന് ഇന്ത്യൻ ഭരണഘടന നിർമാണ സഭ വന്ദേമാതരം ദേശീയ ഗീതമായി അംഗീകരിച്ചു.

******************************

## PREZ – VANDE MATARAM

ദേശിയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികാഘോഷ വേളയിൽ ആദരം അർപ്പിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു. ഭാരതമാതാവിനോടുള്ള ആദരവിന്റെയും വൈകാരിക ഐക്യദാർഢ്യത്തിന്റെയും പ്രതീകമായാണ് "വന്ദേമാതരം" എന്ന അനശ്വര ഗാനം നിലകൊള്ളുന്നതെന്ന് രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു. ദേശീയതയുടെ നവോർജ്ജം പകർന്ന് തലമുറകളെ പ്രചോദിപ്പിക്കുന്ന ഗീതമാണ് വന്ദേമാതരം എന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

******************************

## VANDE MATARAM – KERALA

സംസ്ഥാനത്തും വിപുലമായ പരിപാടികളോടെ വന്ദേ മാതരത്തിൻറെ 150-ാം വാർഷിക ആഘോഷങ്ങൾ നടന്നു. പൊതുസ്ഥലങ്ങളിലും, സ്കൂളുകളിലും, വിവിധ സർക്കാർ സ്ഥാപനങ്ങളിലും ഇതിൻറെ ഭാഗമായി "വന്ദേമാതരം" ആലപിച്ചു. ലക്ഷദ്വീപിലും വന്ദേ മാതരത്തിൻ്റെ 150-ാം വർഷികത്തോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ ഇന്ന് നടന്നു.

*******************************

## PM-VARANASI

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് വൈകുന്നേരം വാരാണസിയിലെത്തും. നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് അദ്ദേഹം നാളെ നിർവഹിക്കും. എറണാകുളം-ബെംഗളൂരു ഉൾപ്പെടെയുള്ള സർവീസുകൾക്കാണ് അദ്ദേഹം തുടക്കം കുറിക്കുന്നത്. എറണാകുളത്ത് നിന്നും ബെംഗളൂരുവിലേക്കുള്ള യാത്ര സമയം 2 മണിക്കൂറിലേറെ ലാഭിക്കാൻ വന്ദേഭാരതിലൂടെ സാധിക്കും.

*******************************

## SUPREME COURT

രാജ്യത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള പൊതുവിടങ്ങളിൽ തെരുവ് നായകൾ പ്രവേശിക്കാതിരിക്കാൻ കർശന നടപടി സ്വീകരിക്കണമെന്ന് സുപ്രീംകോടതി. തെരുവ് നായ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി. ഇത്തരം ഇടങ്ങളിൽ നിന്നും തെരുവുനായകളെ മാറ്റുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്ഥാപനങ്ങൾക്കാണെന്നും കോടതി വ്യക്തമാക്കി. പിടികൂടുന്ന തെരുവ് നായകളെ വന്ധ്യംകരിച്ച് ഷെൽറ്റർ കേന്ദ്രങ്ങളിലേക്ക് മാറ്റണം. പിടികൂടിയ സ്ഥലത്ത് തന്നെ

അവയെ വീണ്ടും തുറന്നു വിടരുതെന്നും പരമോന്നത കോടതി ഉത്തരവിട്ടു.

********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

********************************

## CHIEF MINISTER – KUWAIT

മുഖ്യമന്ത്രി പിണറായി വിജയൻറെ കുവൈത്ത് സന്ദർശനം തുടരുന്നു. കുവൈറ്റ് മൻസുരായിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിൽ ഇന്ന് പ്രവാസി മലയാളികളെ അദ്ദേഹം അഭിസംബോധന ചെയ്യും. കുവൈത്ത് ഉപപ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തിയിരുന്നു. വിവിധ മേഖലകളിലെ നിക്ഷേപ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി പ്രത്യേക പ്രതിനിധി സംഘം കേരളം സന്ദർശിക്കുമെന്ന് കുവൈത്ത് ഉപപ്രധാനമന്ത്രി മുഖ്യമന്ത്രിയെ അറിയിച്ചു.

********************************

## CHIEF ELECTORAL OFFICER

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതുവരെ ഏകദേശം 19 ലക്ഷത്തി 37,431 പേർക്ക് എന്യുമറേഷൻ ഫോം വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. എന്യൂമറേഷൻ ഫോം വിതരണത്തിൻ്റെ വേഗത വർദ്ധിപ്പിക്കുന്നതിന് രാത്രിയിലും ബി എൽ ഒ മാർ വീട്ടിലെത്തുന്ന വിധത്തിൽ പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചതായും അദ്ദേഹം അറിയിച്ചു.

*******************************

## BIHAR ELECTION

ബിഹാറിൽ ഇന്നലെ നടന്ന ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുൽ 64.66 ശതമാനം പോളിംഗ് രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. 18 ജില്ലകളിലെ 121 നിയോജകമണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. രണ്ടാംഘട്ട തെരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതമായി തുടരുകയാണ്. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ഔറംഗാബാദിലും ബാബുവയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ഈ മാസം 11 നാണ് രണ്ടാം ഘട്ട വോട്ടെടുപ്പ്. നവംബർ 14 നാണ് വോട്ടെണ്ണൽ.

*******************************

## HOCKEY 100 YEARS

ഇന്ത്യൻ ഹോക്കിയുടെ 100-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ഇന്ന് വിപുലമായ ആഘോഷ പരിപാടികൾ. 550 ജില്ലകളിലായി 1,400 ലധികം ഹോക്കി മത്സരങ്ങളാണ് ഇന്ന് സംഘടിപ്പിച്ചിരിക്കുന്നത്. ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ഹോക്കി ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ആഘോഷ പരിപാടികൾ പുരോഗമിക്കുകയാണ്. കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ, മന്ത്രിമാരായ കിരൺ റിജിജു, രക്ഷ നിഖിൽ ഖഡ്സേ, ഹോക്കി ഇന്ത്യ പ്രസിഡൻറ് ദിലീപ് ടിർക്കി തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു. മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ രാവിലെ നടന്ന സ്പോട്സ് മിനിസ്റ്റേഴ്സ് ഇല്ലവനും, ഹോക്കി ഇന്ത്യ ഇല്ലവനും തമ്മിലുള്ള പ്രദർശന മത്സരത്തിൽ സ്പോട്സ് മിനിസ്റ്റേഴ്സ് ഇല്ലവൻ 3-1 ന് വിജയിച്ചു. ഇന്ത്യൻ ഹോക്കി ഇതിഹാസങ്ങളെ ആദരിക്കുന്നതിനു പുറമേ ഇന്ത്യൻ ഹോക്കിയുടെ 100-ാം വാർഷികം എന്ന പുസ്തകത്തിൻറെ പ്രകാശനവും ഇതോടനുബന്ധിച്ച് നടക്കും.

******************************

## FIDE CHESS WORLD CUP

ഗോവയിൽ നടക്കുന്ന FIDE ചെസ് ലോകകപ്പ് 2025 , മൂന്നാം റൗണ്ടിലേക്ക് ഇടം നേടുന്നതിനായി ഇന്ന് നടക്കുന്ന ടൈബ്രേക്കുകളിൽ എട്ട് ഇന്ത്യൻ താരങ്ങൾ മത്സരിക്കും. ആർ. പ്രഗ്നാനന്ദ, വിദിത് ഗുജറാത്തി, നിഹാൽ സരിൻ ഉൾപ്പെടെയുള്ളവരാണ് ഇന്ന് മത്സരത്തിനിറങ്ങുന്നത്. ഡി.ഗുകേഷ്, അർജുൻ എരിഗൈസി, പി. ഹരികൃഷ്ണ, ദീപ്തായൻ ഘോഷ്, കാർത്തിക് വെങ്കിട്ടരാമൻ എന്നിവർ ഇതിനകം തന്നെ മൂന്നാം റൗണ്ടിലേക്ക് പ്രവേശിച്ചിട്ടുണ്ട് .

******************************

## IFFI – MEDIA ACCREDITATION

56-ാമത് ഗോവാ അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മാധ്യമ അക്രഡിറ്റേഷനുള്ള അവസാന തീയതി ഈ മാസം 10 വരെ നീട്ടി. പനാജിയിൽ ഈ മാസം 20 മുതൽ 28 വരെയാണ് ഫെസ്റ്റിവൽ നടക്കുന്നത്.

******************************

## NATIONAL CANCER AWARENESS DAY

ഇന്ന് ദേശീയ കാൻസർ അവബോധ ദിനം. അർബുദത്തെകുറിച്ചുള്ള പൊതു അവബോധം വളർത്തുക, തുടക്കത്തിൽ തന്നെ രോഗ നിർണയം ഉറപ്പുവരുത്തുക, എന്നിവയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. കാൻസർ ചികിത്സയിൽ കാര്യമായ പുരോഗതിക്ക് വഴി തുറന്ന നൊബേൽ പുരസ്കാര ജേതാവ് മേരി ക്യൂറിയുടെ ജന്മ വാർഷിക ദിനം കൂടിയാണ് ഇന്ന്.

******************************

## STOCK –GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 140 പോയിന്റ് താഴ്ന്ന് 83,170 ലും, നിഫ്റ്റി 28 പോയിന്റ് കുറഞ്ഞു 25,480 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു പവന് 400 രൂപ കുറഞ്ഞ് 89,480 രൂപയും ഗ്രാമിന് 11,185 രൂപയുമാണ് ഇന്നത്തെ വില.